# VI. ക്രമപ്രശ്നം

## (1) സഭാ സമ്മേളനം റദ്ദാക്കിയാലും ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. സാജു പോൾ: സർ, വളരെ കഷ്ടപ്പെട്ടാണ് ഞങ്ങൾ ചോദ്യങ്ങൾ നൽകാറുള്ളത്. പക്ഷേ പലപ്പോഴും അപ്രതീക്ഷിതമായി അനിശ്ചിത കാലത്തേക്ക് സഭ പിരിയുമ്പോൾ ആ ചോദ്യങ്ങളെല്ലാം ലാപ്സാകുന്ന സാഹചര്യമാണ് സഭയിലുള്ളത്. മുമ്പ് സഭയിൽ പ്രതിദിനം ശരാശരി ആയിരത്തോളം ചോദ്യങ്ങൾ അഡ്മിറ്റ് ചെയ്തിരുന്നതായി പഴയ രേഖകളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 150 മുതൽ 200 വരെ ചോദ്യങ്ങൾ മാത്രമാണ് വരുന്നത്. സഭ അനിശ്ചിത കാലത്തേക്ക് പിരിയേണ്ടി വരുമ്പോഴും യോഗം മറ്റൊരു ദിവസത്തേക്ക് വയ്ക്കേണ്ടി വരുമ്പോഴും നോട്ടീസ് നൽകിയിരുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കൃത്യമായും അംഗങ്ങൾക്ക് ലഭ്യമാക്കണം. അത് ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് വളരെയേറെ സഹായകരമായിരിക്കും. അതിനുള്ള കർശന നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഈ നടപടിക്രമങ്ങളെക്കുറിച്ചൊക്കെ വളരെ വിശദമായ ചട്ടങ്ങൾ ഇവിടെയുണ്ട്. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച 46-ാം ചട്ടപ്രകാരം സഭ prorogue ചെയ്തുകഴിഞ്ഞാൽ ഇതൊന്നും പിന്നെ carry over ചെയ്യാറില്ല. പക്ഷേ ഏതെങ്കിലും കാരണവശാൽ ഒരു ദിവസം സിറ്റിംഗ് ഉണ്ടായില്ലെങ്കിൽ പിറ്റേ ദിവസം കൺസിഡർ ചെയ്യുന്ന സന്ദർഭവുമുണ്ട്. നമ്മുടെ റൂൾ അനുസരിച്ച് ഒന്നാം തീയതി തന്നെ ഗവർണ്ണർ ഈ സമ്മേളനം ഔദ്യോഗികമായി prorogue ചെയ്തു. അതുകൊണ്ട് ചട്ടപ്രകാരം അതിന് വകയില്ല. പിന്നെ എന്തുകൊണ്ട് അങ്ങനെ ഒരു സാഹചര്യം വന്നു എന്ന ബുദ്ധിമുട്ടുകളൊക്കെ കണക്കിലെടുത്ത് എല്ലാവരും കൂടി ആലോചിച്ച് ഇത് ഒഴിവാക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുന്നതായിരിക്കും ഏറ്റവും കരണീയമായിട്ടുള്ളത്; അതിന് ഈ ചോദ്യം പ്രേരകമാകട്ടെ എന്ന പ്രതീക്ഷയിൽ ഞാൻ അവസാനിപ്പിക്കുകയാണ്.

# VII. മേശപ്പുറത്തുവച്ച കടലാസ്സ്

മി. സ്പീക്കർ: നാളെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതുകൊണ്ട് ഇക്കണോമിക് റിവ്യൂ ഔട്ട് ഓഫ് അജണ്ടയായിട്ട് അവതരിപ്പിക്കാൻ ഞാൻ ഫിനാൻസ് മിനിസ്റ്ററെ അനുവദിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2004-ലെ ഇക്കണോമിക് റിവ്യൂ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly